(ബി) പ്രസ്തുത സിസ്റ്റത്തിന്റെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത സിസ്റ്റത്തിനെതിരെ വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത രീതി തദ്ദേശഭരണ സ്ഥാപനങ്ങളെ ഒരു സർക്കാർ വകുപ്പാക്കി മാറ്റുന്നതാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ&ബി) ഉപയോഗിക്കാതെ ഭീമമായ തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടുകളിൽ കിടക്കുന്നുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽ നിന്നും വ്യത്യസ്തമായി, തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പക്കലുള്ള "സാംഖ്യ" കമ്പ്യൂട്ടർ സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന കണ്ടിജന്റ് ബില്ലിനോടൊപ്പം വൗച്ചറുകളും കൂടി ട്രഷറിയിൽ സമർപ്പിക്കുമ്പോൾ പദ്ധതി പണം ലഭ്യമാകുന്ന രീതി ഈ വർഷം നടപ്പിലാക്കിയത്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ പദ്ധതിച്ചെലവ് ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതു സംബന്ധിച്ച് ശിപാർശ തന്നിരുന്നു. ഇത് പദ്ധതി പണ വിനിയോഗത്തിനു യാതൊരു തടസ്സവും സൃഷ്ടിക്കുന്നതായി കാണുന്നില്ല.

(സി) ഇല്ല.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണഘടനാനുസൃതമായ പ്രാദേശിക സർക്കാരുകളാണ്. പുതിയ രീതി പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനെയോ സ്വയംഭരണ പദവിയെയോ ബാധിച്ചിട്ടില്ല. ഒരു സർക്കാർ നയത്തിലൂടെയോ ഉത്തരവിലൂടെയോ അവയെ സർക്കാർ വകുപ്പാക്കി മാറ്റാൻ കഴിയുന്നതല്ല.

വിലത്തകർച്ച നേരിടുന്ന കാർഷിക ഉൽപ്പന്നങ്ങൾ

7 (*276) ശ്രീ. രാജു എബ്രഹാം:

ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. എം. ഹംസ:

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ വിലത്തകർച്ച നേരിടുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയുള്ള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(സി) കാർഷിക തോട്ടം മേഖലയിലെ വിദേശ നിക്ഷേപത്തെ സംബന്ധിച്ച് കേന്ദ്രസർക്കാർ ഈ അടുത്ത കാലത്ത് കൈക്കൊണ്ട തീരുമാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് അറിയിക്കുമോ ;

(ഡി) വിലത്തകർച്ചമൂലം കഷ്ടത അനുഭവിക്കുന്ന കർഷകർക്ക് സഹായം നൽകുന്നതിൽ സർക്കാർ സംവിധാനങ്ങൾ എത്രത്തോളം ഫലപ്രദമായി പ്രവർത്തിക്കുന്നു ; വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ പ്രധാനമായും വിലയിടിവ് നേരിടുന്നത്.

(ബി) ഉണ്ട്.

(സി) തേയില, കാപ്പി, റബ്ബർ, ഏലം, ഓയിൽപാം എന്നീ തോട്ടം മേഖലകളിലെ വിദേശ നിക്ഷേപം 100 ശതമാനമാകാമെന്ന് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. 2015 മേയ് 12-ാം തീയതി മുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്.

(ഡി) കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ വിലയിടിവ് നേരിടുന്നത്. റബ്ബർ വിലയിടിവ് തടയുന്നതിനായും, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നുണ്ട്.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കുള്ള മാച്ചിംഗ് ഗ്രാന്റും സബ്സിഡിയും

8(*277) ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. വി. ശിവൻകുട്ടി:

ശ്രീ. ജി. സുധാകരൻ:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന സി.ഡി.എസിനു നൽകേണ്ട മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും മാസങ്ങളായി മുടങ്ങിക്കിടക്കുന്നതിനാൽ കുടുംബശ്രീക്ക് പുതിയ സംരംഭങ്ങൾ ഒന്നും ആരംഭിക്കാനായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അവസ്ഥയിൽ മാസങ്ങളായി മുടങ്ങിക്കിടക്കുന്ന മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും പൂർണ്ണമായും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സി.ഡി.എസ്. മുഖേന നൽകേണ്ട മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും മുടങ്ങിക്കിടക്കുന്നു. എന്നാൽ മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും മുടങ്ങിയത് കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങുന്നതിനെ ബാധിച്ചിട്ടില്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly